# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2941 11/12/2014 ൽ മറുപടിക്ക്

## ആർ.എം.എസ്.എ സ്കൂളുകളിൽ അടിസ്ഥാന സൗകര്യ വികസനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ഇ.കെ.വിജയൻ | | ശ്രീ.പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| എ) | സംസ്ഥാനത്ത് ആർ.എം.എസ്.എ സ്കൂളുകളായി ഉയർത്തിയ സ്കൂളുകളിൽ വേണ്ടത്ര അടിസ്ഥാന സൗകര്യങ്ങളും അധ്യാപകരും ഇല്ലാത്തത് ഇത്തരം സ്കൂളുകളുടെ പ്രവർത്തനം പ്രതിസന്ധിയിലാക്കിയ കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | ഉണ്ടെങ്കിൽ പ്രസ്തുത സ്കൂളുകളിൽ അടിസ്ഥാന സൗകര്യ വികസനത്തിനും, അധ്യാപകരെ നിയമിക്കുന്നതിനും എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കുമോ ? | ബി) | 2009-10 വർഷം ആർ.എം.എസ്.എ പദ്ധതി പ്രകാരം അപ്ഗ്രേഡ് ചെയ്ത 60 സ്കൂളുകൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിനുൾപ്പെടെ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഫണ്ട് നൽകിയിട്ടുണ്ട്. ജില്ലാ പഞ്ചായത്ത് / മുനിസിപ്പാലിറ്റിയുമായി ചേർന്ന് സ്കൂളുകളിലെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. അദ്ധ്യാപകരെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട് നടപടികൾ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ